ഉത്തരം

(എ) 2001-2002 - 17,01,500 രൂപ
2002-2003 - 12,19,400 രൂപ
2003-2004 - 10,00,000 രൂപ
2004-2005 - 10,25,000 രൂപ

(ബി) 2001-2002 - 13,03,724 രൂപ
2002-2003 - 11,32,355 രൂപ
2003-2004 - 6,49,943 രൂപ
2004-2005 - 4,00,000 രൂപ

(സി) ഇല്ല.

(ഡി) & (ഇ) ഇതു സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

തൊളിക്കോട്, കുറ്റിച്ചൽ, ആര്യനാട്, ഉഴമലയ്ക്കൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഇൻ-പേഷ്യന്റ് വിഭാഗം തുടങ്ങുന്നതിന് നടപടി

132 [1659] ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊളിക്കോട്, കുറ്റിച്ചൽ, ആര്യനാട്, ഉഴമലയ്ക്കൽ എന്നിവിടങ്ങളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഇൻ-പേഷ്യന്റ് വിഭാഗം തുടങ്ങുന്നതിനായി കെട്ടിടങ്ങൾ ഒഴിച്ചിട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കേന്ദ്രങ്ങളിൽ ഇൻ-പേഷ്യന്റ് വാർഡുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആര്യനാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഐ. പി. പ്രവർത്തിച്ചുവരുന്നു. തൊളിക്കോട്, കുറ്റിച്ചൽ, ഉഴമലയ്ക്കൽ എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഐ. പി. പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) തൊളിക്കോട്, കുറ്റിച്ചൽ, ഉഴമലയ്ക്കൽ എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഐ. പി. ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി

133 [1660] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) നിലവിലുള്ള വേക്കൻസികൾ അടിയന്തിരമായി റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും മൂന്ന് പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) നിലവിൽ ഒരു വേക്കൻസിയാണ് ഉള്ളത്. ഇത് എസ്. ടി. വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ളതാണ്. ടി വേക്കൻസി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഒരു ഉദ്യോഗാർത്ഥിക്ക് നിയമന ഉത്തരവ് നൽകുകയും ജോയിൻ ചെയ്യാത്തതിനാൽ നിയമനം റദ്ദാക്കുകയും ചെയ്തു.

എൻവയോൺമെന്റ് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കാൻ നടപടി

134 [1661] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിൽ എൻവയോൺമെന്റ് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കടൽക്കറ, വർണ്ണമഴ, ജലസ്രോതസ്സുകളുടെ പെട്ടെന്നുണ്ടാകുന്ന അപ്രത്യക്ഷമാകൽ തുടങ്ങിയ പ്രതിഭാസങ്ങളെക്കുറിച്ച് പഠിക്കുവാനും ലളിതവും ഫലപ്രദവും ചെലവ് കുറഞ്ഞതുമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും വേണ്ടി ഒരു റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് സെന്റർ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബോർഡിന്റെ കീഴിൽ എൻവയോൺമെന്റ് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കാനുള്ള പദ്ധതി നിർദ്ദേശം നിലവിലില്ല.

(ബി) ബോർഡിന്റെ എറണാകുളത്തുള്ള സെൻട്രൽ ലാബറട്ടറിയോടനുബന്ധിച്ച് ഒരു റിസർച്ച് ആൻഡ് ഡവലപ്പ്മെന്റ് വിംഗ് ചെറിയ തോതിൽ ഇപ്പോൾ തന്നെ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly